"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കോതമംഗലം നഗരസഭയിൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സൂര്യമോൾ.എം.സി., ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.1068/2021 നമ്പർ കേസിലെ 14.07.2021 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.339/2022/LSGD തീയതി,തിരുവനന്തപുരം, 15-02-2022

---

പരാമർശം:-

1. നഗരകാര്യഡയറക്ടറുടെ 24/06/2021 തീയതിയിലെ ഇ5/14750/18 നമ്പർ ഉത്തരവ്
2. ശ്രീമതി. സൂര്യമോൾ.എം.സി.സർക്കാരിൽ സമർപ്പിച്ച 28.06.2021 തീയതിയിലെ നിവേദനം(അനക്ഷർ എ7)
3. ശ്രീമതി. സൂര്യമോൾ.എം.സി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.1068/2021 നമ്പർ കേസിലെ 14.07.2021 തീയതിയിലെ വിധിന്യായം.
4 നഗരകാര്യഡയറക്ടറുടെ 28.09.2021 തീയതിയിലെ ഇ5-15530/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ കോതമംഗലം നഗരസഭയിൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സൂര്യമോൾ.എം.സി., സമർപ്പിച്ച പരാമർശം 2 നിവേദനം പ്രകാരം, തനിക്ക് പ്രമോഷൻ നൽകി കൊച്ചി നഗരസഭയിൽ തന്നെ നിലനിർത്തുന്നതിലേയ്ക്ക് പരാമർശം 1 ലെ നഗരകാര്യഡയറക്ടറുടെ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

ഇതേ ആവശ്യവുമായി ടിയാൾ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1068/2021 നമ്പർ കേസിലെ 14.07.2021 തീയതിയിലെ ഉത്തരവുപ്രകാരം അപേക്ഷക സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷർ എ7 നിവേദനം ഒന്നാം എതിർ കക്ഷിയായ സർക്കാർ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

ശ്രീമതി. സൂര്യമോൾ.എം.സി സർക്കാരിൽ സമർപ്പിച്ച പരാമർശം 2 നിവേദനം പ്രകാരം, കൊച്ചി നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന തനിക്ക് 01.06.2020 മുതൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II

തസ്തികയിലേയ്ക്ക് പ്രമോഷൻ ഡ്യൂ ആയിരുന്നതായും എന്നാൽ അതിനു ശേഷം ഇറങ്ങിയ രണ്ട് പ്രമോഷൻ ഓർഡറുകളിലും തനിക്കെതിരെ മേജർ അച്ചടക്ക നടപടി തീർപ്പാകാതെ നിലനിൽക്കുന്നു എന്ന കാരണത്താൽ പ്രൊമോഷൻ തടഞ്ഞുവയ്ക്കുകയായിരുന്നുവെന്നും തുടർന്ന് താൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്ന് അച്ചടക്ക നടപടി സമയബന്ധിതമായി തീർപ്പാക്കി പ്രമോഷൻ നൽകുവാൻ ബഹുമാനപ്പെട്ട ട്രൈബ്യൂണലിന്റെ വിധിയെത്തുടർന്ന് തന്റെ അച്ചടക്കനടപടി തീർപ്പാക്കിയപ്പോൾ തനിക്കെതിരെയുള്ള എല്ലാ ഗുരുതര ആരോപണങ്ങളും വസ്തുതാപരമല്ലെന്ന് കണ്ട് നൽകിയ മെമ്മോ താക്കീതിൽ അവസാനിപ്പിക്കുകയും ചെയ്തു എന്നും കഴിഞ്ഞ ഒരു വർഷക്കാലമായി നഗരകാര്യ ഡയറക്ടറേറ്റിൽ നിന്ന് കടുത്ത അവഗണനയും ബുദ്ധിമുട്ടുകളുമാണ് താൻ അനുഭവിക്കുന്നത് എന്നും കടുത്ത ആസ്ത്മ രോഗിയായ താൻ ദൂരയാത്ര ചെയ്യുന്നത് ആരോഗ്യത്തിന് ദോഷകരമാണെന്ന് ഡോക്ടർ നിർദ്ദേശിച്ചിട്ടുള്ളതായും ആവർത്തിച്ചുള്ള ശ്വാസംമുട്ടുകാരണം തനിക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായും തന്റെ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം, ഉദ്യോഗക്കയറ്റത്തിൽ കൊച്ചി നഗരസഭയിൽ നിലവിൽ ഒഴിവുള്ള 3 തസ്തികകളിൽ ഒന്നിലേക്ക് തന്നെ പരിഗണിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹു. നഗരകാര്യ ഡയറക്ടർക്ക് അപേക്ഷ നൽകിയിരുന്നതായും എന്നാൽ തന്നെക്കാൾ ജൂനിയർമാരായ ഉദ്യോഗസ്ഥരെ കൊച്ചിയിൽ തന്നെ സ്ഥാനക്കയറ്റം നൽകി നിലനിർത്തിയും പരാമർശ ക്യൂ ലിസ്റ്റിൽ ഉൾപ്പെടാത്ത ജൂനിയറായ ഹെൽത്ത് ഇൻസ്പെക്ടറെ കോതമംഗലത്തിൽ നിന്ന് കൊച്ചിയിലേക്ക് സ്ഥലംമാറ്റുകയും ചെയ്ത് തന്നോടു മാത്രം വിവേചനം കാട്ടുകയുമാണ് ഉണ്ടായത് എന്നും അറിയിച്ചിരുന്നു. തന്റെ താമസസ്ഥലത്തു നിന്ന് 45 കിലോമീറ്റർ ദൂരത്ത് കോതമംഗലം നഗരസഭയിലേക്ക് സ്ഥലം മാറ്റിയത് തന്റെ ആരോഗ്യനിലയെ കൂടുതൽ ബുദ്ധിമുട്ടിലാക്കുമെന്നതിനാൽ പ്രമോഷൻ നൽകി കൊച്ചി നഗരസഭയിൽ തന്നെ നിലനിർത്തുന്ന രീതിയിൽ 24.06.2021 ലെ പ്രമോഷൻ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം ശ്രീമതി.സൂര്യമോൾ എം.സി എറണാകുളം ജില്ലയിൽ ടെസ്റ്റ് എഴുതുകയും ആയതിന്റെ അടിസ്ഥാനത്തിൽ തൃപ്പൂണിത്തുറ നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയും തുടർന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി കൊച്ചി നഗരസഭയിൽ ജോലി നോക്കി വന്നതുമാണ്. ടിയാരി കൊച്ചി നഗരസഭയിലെ പള്ളുരുത്തി റിലീഫ് സെന്ററിൽ ജോലി ചെയ്തു വന്നിരുന്ന കാലയളവിൽ മേലധികാരിയായ സൂപ്രണ്ടിനെ അനുസരിക്കുന്നില്ലെന്നും കൃത്യമായി ജോലി ചെയ്യുന്നില്ലെന്നും റിലീഫ് സെന്ററിലേയ്ക്ക് വരുന്ന സംഭാവനകൾ ചട്ടപ്പടി രശീത് നൽകുന്നില്ലെന്നുമുള്ള പരാതിയെ തുടർന്ന് ശ്രീമതി.സൂര്യമോൾ ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും സൂര്യമോൾ എം.സി-ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിൽ നിന്നും അച്ചടക്ക നടപടി നിലനിൽക്കെ യഥാസമയം ഉദ്യോഗക്കയറ്റം നൽകണം എന്ന് കാണിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഹർജി ഫയൽ ചെയ്യുകയും ടി ഹർജിയിന്മേൽ പുറപ്പെടുവിച്ച ഉത്തരവിൽ അച്ചടക്ക നടപടി തീർപ്പാക്കി ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ഒരു മാസത്തിനകം ഉദ്യോഗക്കയറ്റം നൽകുന്നതിന് നിർദ്ദേശിച്ചിരുന്നു. ശ്രീമതി.സൂര്യമോൾക്കെതിരായ അച്ചടക്ക നടപടി 22/03/21 ലെ നഗരകാര്യ ഡയറക്ടറുടെ വി3/19773/19 നം.ഉത്തരവ് പ്രകാരം തീർപ്പ് കൽപ്പിക്കുകയും ടിയാളുടെ

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ടിയാരിക്ക് 24/06/21 ലെ ഇ5/14750/18 നം. ഉത്തരവ് പ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി എറണാകുളം ജില്ലയിലെ തന്നെ കോതമംഗലം നഗരസഭയിലേക്ക് നിയമനം നൽകുകയുമാണുണ്ടായത്. കൊച്ചി നഗരസഭയുമായി ബന്ധപ്പെട്ട വിഷയത്തിലാണ് ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നത് എന്നതിനാലും, ടിയാളെക്കാൾ അർഹതയുള്ള ജീവനക്കാർ ടി നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാലും ടിയാരിയുടെ കൊച്ചി നഗരസഭയിലേക്കുള്ള സ്ഥലംമാറ്റം അപേക്ഷ പരിഗണിക്കുവാൻ സാധിക്കുകയില്ല എന്ന വിവരം നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

ഈ വിഷയത്തിൽ തന്നെ നേരിൽ കേൾക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി. സൂര്യമോൾ എം.സി, സർക്കാരിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ കോവിഡ് വ്യാപനപശ്ചാത്തലത്തിൽ, ശ്രീമതി. സൂര്യമോൾ.എം.സി., നഗരകാര്യ ഡയറക്ടറേററിലെ സൂപ്രണ്ട് എന്നിവരെ online platform (Google Meet) മുഖാന്തരം 12.01.2022-ൽ രാവിലെ 11.30-ന് തദ്ദേശസ്വയംഭരണവകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടിരുന്നു. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് പ്രൊമോഷൻ നിഷേധിക്കൽ, ദൂരസ്ഥലത്തേയ്ക്ക് സ്ഥലംമാറ്റം നൽകൽ എന്നിങ്ങനെയുള്ള നഗരകാര്യഡയറക്ടറേറ്റിന്റെ നടപടികൾക്കെതിരെ ശ്രീമതി. സൂര്യമോൾ.എം.സി. ഹിയറിംഗ് വേളയിൽ ആക്ഷേപം ഉന്നയിക്കുകയും, തനിക്കെതിരേ വ്യാജറിപ്പോർട്ട് തയ്യാറാക്കിയ റീജിയണൽ ജോയിന്റ് ഡയറക്ടറായിരുന്ന ശ്രീ. അനു.ആർ.എസിനെതിരേയും, പ്രമോഷൻ നടപടികൾ തീർപ്പാക്കുന്നതിൽ അലംഭാവം കാണിച്ച ഉദ്യോഗസ്ഥർക്കെതിരേയും നടപടി സ്വീകരിക്കണമെന്നും, തനിക്ക് കൊച്ചി നഗരസഭയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നും ശ്രീമതി.സൂര്യമോൾ.എം.സി, നേരിൽകേട്ട സമയത്ത് അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും കൊച്ചി നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റേയും ബന്ധപ്പെട്ട രേഖകളുടേയും അടിസ്ഥാനത്തിലും വിശദമായി പരിശോധിച്ചു. ടിയാൾക്കെതിരായി കൊച്ചി നഗരസഭയിൽ ഗുരുതരമായ ആരോപണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം മാറ്റിയിട്ടുള്ളത് എന്നതിനാലും ടി നഗരസഭയുമായി ബന്ധപ്പെട്ട വിഷയത്തിലാണ് ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരുന്നത് എന്നതിനാലും ടിയാൾക്ക് എറണാകുളം ജില്ലയിൽ തന്നെയാണ് നിയമനം നൽകിയിട്ടുള്ളത് എന്നതിനാലും ടി നഗരസഭയിലേക്ക് സ്ഥലം മാറ്റം വേണമെന്ന് ആവശ്യം പരിഗണിക്കാനാകുന്നതല്ല. ആയതിനാൽ കൊച്ചി നഗരസഭയിൽ തന്നെ നിലനിർത്തുന്ന വിധം 24.06.2021 ലെ പ്രോമോഷൻ ഉത്തരവ് പുനഃപരിശോധിക്കണമെന്ന കോതമംഗലം നഗരസഭയിൽ രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സൂര്യമോൾ.എം.സി. യുടെ അപേക്ഷ (അനക്ഷർ എ7) പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.07.2021 ലെ ഉത്തരവിലെ നിർദ്ദേശം മേൽപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളാ, എറണാകുളം,( ആമുഖ കത്ത് സഹിതം)
ശ്രീമതി. സൂര്യമോൾ.എം.സി, രണ്ടാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർ കോതമംഗലം നഗരസഭ(നഗരകാര്യഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ